**തതസ്സമാധിയുക്തേന ക്രിയായോഗേന കർദ്ദമ:**
**സംപ്രപേദേ ഹരിം ഭക്ത്യാ പ്രപന്നവരദാശുഷം (3-21-7)**
**സഹാഹം സ്വാംശകലയാ ത്വദ്വീര്യേണ മഹാമുനേ**
**തവ ക്ഷേത്രേ ദേവഹൂത്യാം പ്രണേഷ്യേ തത്ത്വസംഹിതാം. (3-21-32)**

മൈത്രേയൻ തുടർന്നു:
ബ്രഹ്മാവ് തൻെറ സൃഷ്ടികളായ പത്തു പ്രജാപതിമാരോട് ഭൂമിയിൽ സൃഷ്ടി തുടരാൻ ആവശ്യപ്പെട്ടു. അതിലൊരാളായ കർദ്ദമൻ പതിനായിരം കൊല്ലം തപസ്സിലായിരുന്നു. ക്രിയായോഗവും സമാധിയും ചേർന്ന ഈ തപശ്ചര്യയാൽ കർദ്ദമൻ ഭഗവാനിൽ പൂർണ്ണമായി സ്വയം സമർപ്പിച്ചിരുന്നു. ഭഗവാൻ പ്രത്യക്ഷപ്പെട്ട് തൻെറ മഹിമയാർന്ന രൂപം മുനിക്കു കാട്ടിക്കൊടുത്തു. ഹൃദയം നിറഞ്ഞ ഭക്തിപ്രേമപാരവശ്യത്തോടെ കർദ്ദമൻ ഭഗവൽപ്പാദങ്ങളിൽ വീണു. "ഭഗവാനേ ആ പാദാരവിന്ദങ്ങൾ ഇഹലോകത്തിലെ മുഷിഞ്ഞ ജീവിതവും സംസാരക്കടലും ക്ഷണത്തിൽ കടത്തിക്കൊണ്ടു പോവാൻ പര്യാപ്തമാണ്. അജ്ഞരായവർ മാത്രമേ സ്വന്തം ലൗകികസുഖത്തിനും നേട്ടങ്ങൾക്കും വേണ്ടി അവയെ പൂജിക്കൂ. അങ്ങയുടെ യഥാർത്ഥ ഭക്തന്മാർ ലൗകികസുഖത്തിൽ നിന്നുവിട്ട് സദാ ഭഗവൽപ്രേമമത്തരായിരിക്കും. അങ്ങയാൽ ക്രമീകരിക്കപ്പെട്ടിരിക്കുന്ന കാലചക്രത്തിൽ ജീവൻെറ ഇഹലോകവാസം നിമിഷംപ്രതി ചെറുതായിവരുന്നു എന്നും അവർക്കറിയാം. അങ്ങയുടെ ഭക്തന്മാരുടെ ഏതാഗ്രഹവും അങ്ങാണല്ലോ സാധിച്ചു തരുന്നത്. സൃഷ്ടികർത്താവിൻെറ ആജ്ഞയനുസരിക്കാൻ വേണ്ടി എനിക്കൊരു വിവാഹം ചെയ്യണമെന്നാഗ്രഹമുണ്ട്. എനിക്ക് പുണ്യവതിയും അങ്ങയോടതിരറ്റ ഭക്തിയുമുള്ള ഒരു പെൺകുട്ടിയെ ഭാര്യയായിക്കിട്ടാനിടയാക്കിയാലും. "

ഭഗവാൻ പറഞ്ഞു: "സൃഷ്ടിക്കപ്പെട്ടവരിൽ അഗ്ഗ്രണ്യനായ മഹാമുനേ എന്നോടുള്ള ഒരു പ്രാർത്ഥനയും വെറുതെയാവാൻ പറ്റില്ലതന്നെ. നിൻെറ മനസ്സിലുള്ള ഈ ആഗ്രഹം നീ പറയും മുൻപേ എനിക്കറിയാമായിരുന്നു. നേരത്തേതന്നെ ഞാനതനുവദിക്കുകയും ചെയ്തിരുന്നു. സ്വയംഭൂവമനു ചക്രവർത്തി തൻെറ മകളെ നിനക്കുവിവാഹം ചെയ്തുതരും. നിനക്കൊൻപത് പെൺകുട്ടികളുണ്ടാവുകയും ചെയ്യും. നിൻെറ ഇഹലോകകടമകളെല്ലാം തീർത്തുകഴിയുമ്പോഴേക്കും നിസ്വാർത്ഥവും അഹങ്കാരരഹിതവുമായ ജീവിതം കൊണ്ട് എന്നെ സാക്ഷാത്ക്കരിക്കുവാനും ഏകത്വം കൈവരിക്കുവാനും നിനക്കു കഴിയും. എല്ലാ ജീവികളിലും കരുണയുള്ളവനായും യാതൊരു ജീവജാലങ്ങൾക്കും നിന്നോട് പേടിയോ വിദ്വേഷമോ ഇല്ലാതേയും നിനക്ക് ഈ വിശ്വം മുഴുവൻ എൻെറതന്നെരൂപമെന്നു കാണാനാകും. ഞാൻ സ്വയം നിനക്കുപുത്രനായിപ്പിറന്ന് സത്യം വെളിപ്പെടുത്തുകയും ചെയ്യും." ഭഗവാൻ മറഞ്ഞശേഷവും കർദ്ദമൻ സന്തോഷോന്മാദത്തിലായിരുന്നു.

കർദ്ദമൻെറ കുടിൽ പ്രകൃതിരമണീയമായ ബിന്ദുസരോവരത്തിൻെറ തീരത്തായിരുന്നു. ഭഗവൽപ്രേമമത്തനായ കർദ്ദമനെക്കണ്ട സന്തോഷത്തിൽ ഭഗവൽനേത്രങ്ങളിൽ നിന്നുവീണ കണ്ണുനീർ ബിന്ദുവാണ് സരോവരമായിതീർന്നത്. അതീവസൗന്ദര്യവും ദൈവികതയും നിറഞ്ഞ ചുറ്റുപാടുകൾ. പരമമായ സമാധാനത്തിൻെറ അന്ത:രീക്ഷം. ഭഗവൽവിധിപോലെ ഒരുദിനം ചക്രവത്തി തൻെറ മകൾ ദേവഹൂതിയുമായി പർണ്ണശാലയിൽ വന്നു. കർദ്ദമൻ ചക്രവർത്തിയെ ഉപചാരപൂർവ്വം സ്വീകരിച്ചു. "സ്വയം രാജ്യമുടനീളം സന്ദർശിച്ച് ദുഷ്ടനിഗ്രഹം നടത്തി ശിഷ്ടപരിപാലനം ചെയ്യുന്ന രാജാവ് ഭഗവാൻെറ ഒരംശംതന്നെയാണല്ലോ. ധർമ്മത്തെ പരിപാലിക്കയും അധർമ്മത്തെ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യാൻ ജനങ്ങളോട് ഇടപഴകിത്തന്നെയാണ് ഒരു രാജാവ് കഴിയേണ്ടത്. അല്ലെങ്കിൽ ദുഷ്ടരുടെ എണ്ണംപെരുകി അധർമ്മം നിലനിൽക്കാനിടവരും. അങ്ങയുടെ ആഗമനോദ്ദേശം വെളിപ്പെടുത്തിയാലും. എനിക്കങ്ങേക്കുവേണ്ടി എന്തുചെയ്യാൻ കഴിയും?"